# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 129 25.04.2017 ൽ മറുപടിയ്ക്ക്

## <u>ജനകീയ പ്രക്ഷോഭങ്ങൾക്ക് നേരെ നടന്ന പോലീസ് ലാത്തിച്ചാർജ്ജ്</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.എ.പി. അനിൽ കുമാർ | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജനകീയ പ്രക്ഷോഭങ്ങൾക്ക് നേരെ എത്ര പോലീസ് ലാത്തിച്ചാർജ്ജ്, ടിയർഗ്യാസ് ഷെൽ പ്രയോഗം, ജലപീരങ്കി പ്രയോഗം എന്നിവ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജനകീയ പ്രക്ഷോഭങ്ങൾക്ക് നേരെ പോലീസ് ലാത്തിച്ചാർജ്ജോ, ടിയർഗ്യാസ് ഷെൽ പ്രയോഗമോ, ജലപീരങ്കി പ്രയോഗമോ നടത്തിയിട്ടില്ല. എന്നാൽ ചില സംഘടനകളോ/രാഷ്ട്രീയ പാർട്ടികളോ നടത്തിയിട്ടുള്ള പ്രതിഷേധ സമരങ്ങൾ/പ്രക്ഷോഭ പരിപാടികൾ എന്നിവ അക്രമാസക്തമായപ്പോൾ ആയതിനെ നിയന്ത്രണ വിധേയമാക്കുന്നതിനും ക്രമസമാധാനം പുനഃസ്ഥാപിക്കുന്നതിനും വേണ്ടി പോലീസ് 2 തവണ ലാത്തി ചാർജ്ജും, 8 തവണ ടിയർ ഗ്യാസ് ഷെൽ പ്രയോഗവും, 25 തവണ ജല പീരങ്കി പ്രയോഗവും നടത്തിയിട്ടുണ്ട്. |
| (ബി) ഈ കാലയളവിൽ പോലീസ് ജനപ്രതിനിധികളോട് അപമര്യാദയായി പെരുമാറിയതോ ജനപ്രതിനിധികളെ മർദ്ദിച്ചതോ ആയ എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ബി) ഈ കാലയളവിൽ പോലീസ് ജനപ്രതിനിധികളോട് അപമര്യാദയായി പെരുമാറിയതായ ആരോപണമുണ്ടായ രണ്ടു സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.